VIII. റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ മുഖ്യമന്ത്രിക്കുവേണ്ടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. നാലകത്ത് സൂപ്പി: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

IX. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാൻഡ് റിഫോംസ് അമെന്റ്മെന്റ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ:)* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 2004-ലെ കേരള ലാന്റ് റിഫോംസ് അമെന്റ്മെന്റ് ബില്ലിൻമേലുള്ള എന്റെ ഡിസന്റ് രേഖപ്പെടുത്തുന്നു. ഇതിന്റെ അവതരണവേളയിൽ കാര്യമായി ഒന്നും സംസാരിക്കാനില്ലെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ഒഴിയുകയാണ് ചെയ്തത്. കാരണം ഈ ബിൽ, കേരളം രാജ്യത്തിനൊട്ടാകെ സമ്മാനിച്ച മാതൃകാപരമായ കാർഷിക പരിഷ്കരണ നിയമത്തിൽ ഗൗരവതരമായ മാറ്റം വരുത്തുന്ന ഒന്നാണ്. ഇതിനുമുൻപ് യു. ഡി. എഫ്. ഗവൺമെന്റ് അല്ലെങ്കിൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റുകൾ അധികാരത്തിൽ വന്നപ്പോഴൊക്കെ ഭൂപരിഷ്കരണനിയമത്തിൽ വൻകിട ഭൂവുടമകൾക്കുവേണ്ടി, അവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി. ടി ചാക്കോ മന്ത്രി ആയിരുന്ന അവസരത്തിൽ ഇതുപോലുള്ള ഭേദഗതികൾ കാർഷിക പരിഷ്കരണ നിയമത്തിൽ കൊണ്ടുവരികയും വൻകിട ഭൂവുടമകളുടെ താൽപ്പര്യത്തിനുവേണ്ടി അന്ന് നീക്കം നടത്തുകയും ചെയ്തതാണ്. 1967-ൽ ആ ഭേദഗതികൾ ഇല്ലാതാക്കി നിയമം പൂർവ്വസ്ഥിതിയിലാക്കുകയും കേരളത്തിലെ ഭൂരഹിതരായ ഹരിജൻ-ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ സഹായിക്കുന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly